കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# കാഥികരെ ഇതിലേ, ഇതിലേ......
# കേരള സംഗീത നാടക അക്കാദമി കഥാപ്രസംഗ കലാകാരന്മാർക്ക് 19 ലക്ഷം രൂപ ധനസഹായം നൽകും

***അഞ്ച് കേന്ദ്രങ്ങളിൽ കഥാപ്രസംഗ മഹോത്സവം സംഘടിപ്പിക്കും***

കോവിഡ് 19 മഹാമാരിയാൽ പ്രതിസന്ധിയിൽ അകപ്പെട്ട കഥാപ്രസംഗ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതായി 19 ലക്ഷം രൂപയുടെ സമഗ്ര പദ്ധതിയുമായി കേരള സംഗീത അക്കാദമി രംഗത്ത്. ഇതിന്റെ ഭാഗമായി ദീർഘകാലമായി കഥാപ്രസംഗ രംഗത്ത് പ്രവർത്തിക്കുന്ന പ്രഗല്ഭമതികളായ 30 സീനിയർ കാഥികരെ പങ്കെടുപ്പിച്ചുകൊണ്ട് തെരഞ്ഞെടുത്ത അഞ്ച് കേന്ദ്രങ്ങളിൽ കഥാപ്രസംഗ മഹോത്സവവും സംഘടിപ്പിക്കും. ഇവർക്ക് 40,000 രൂപ വീതം പ്രതിഫലം നൽകും. കൂടാതെ, പൂർവ്വകാല പ്രൗഢി നഷ്ടപ്പെട്ട കഥനകലയെ നവീകരിക്കുന്നതിനും കഥാപ്രസംഗ കലാകാരന്മാർക്ക് ഏറ്റവും മികച്ച വേദികളിൽ തങ്ങളുടെ കലാവിഷ്കാരം നടത്താനും അക്കാദമി അവസരമൊരുക്കുന്നു. ഇതിന്റെ ഭാഗമായി 15നും 50നും ഇടയിൽ പ്രായമുള്ള 35 കാഥികർക്ക് 20,000 രൂപ വീതം ധനസഹായം നൽകും. ധനസഹായത്തിന് അപേക്ഷിക്കുന്ന കാഥികർ വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയോടൊപ്പം ഏറ്റവും പുതിയ ബയോഡാറ്റ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വയസ്സു തെളിയിക്കുന്ന രേഖ, കഥാപ്രസംഗരംഗത്തെ പ്രവർത്തനപരിചയം തെളിയിക്കുന്ന രേഖകൾ, 10 മിനിട്ട് ദൈർഘ്യമുള്ള കഥാപ്രസംഗഭാഗത്തിന്റെ സിഡി/പെൻഡ്രൈവ് (ഓർക്കസ്ട്ര നിർബന്ധമില്ല) എന്നിവ സമർപ്പിക്കേണ്ടതാണ്. ഒരു കാഥികന്റെ ഒരു അപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളൂ. തെരഞ്ഞടുക്കപ്പെടുന്ന കാഥികർ അക്കാദമി നിർദ്ദേശിക്കുന്ന ഒരു കേന്ദ്രത്തിൽ കഥാപ്രസംഗം അവതരിപ്പിക്കണം. അപേക്ഷയും അനുബന്ധരേഖകളും (സിഡി/പെൻഡ്രൈവടക്കം) ജനുവരി 15 ന് വൈകുന്നേരം അഞ്ചു മണിക്കകം ഓഫീസിൽ സമർപ്പിക്കണം. കഥാപ്രസംഗാവതരണം ഈമെയിൽ, വാട്ട്സ്ആപ് എന്നീ മാധ്യമങ്ങളിലൂടെ സ്വീകരിക്കുന്നതല്ല. അക്കാദമിയിൽ ഹാജരാക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ല.

**ഡോ. പ്രഭാകരൻ പഴശ്ശി**
സെക്രട്ടറി
കേരള സംഗീത നാടക അക്കാദമി